Malayalam

Insert school logo

[Date]

(തിയതി )
പ്രിയ മാതാ പിതാക്കളെ / രക്ഷിതാക്കളെ,
'വലയം പദ്ധതി 'യെ പറ്റി പറയുന്നതിനാണ് ഞാൻ ഇതെഴുതുന്നത്.ഇതൊരു നൂതനവും ക്രിയാത്മകവുമായ പദ്ധതിയാണ് , വടക്കൻ റ്റൈൻസൈഡ് 'ലെ സ്കൂളുകൾ ആണ് ഇതിൽ പങ്കെടുക്കുന്നത്.വടക്കൻ റ്റൈൻസൈഡ് കൌൺസിലും നോര്തുംബ്രിയ പോലീസും സഹകരിച്ചാണ് ഇത് നടത്തുന്നത്.
2016 ജൂണിൽ പുറത്തിറങ്ങുന്ന പദ്ധതിയുടെ ലക്ഷ്യം ഗാർഹിക ആക്രമണങ്ങൾക്ക് വിധേയരാകേണ്ടി വരുന്ന കുട്ടികളെ സംരക്ഷിക്കുക എന്നതാണ്.ഗാർഹിക ആക്രമണങ്ങൾക്ക് സാക്ഷിയാകേണ്ടി വരുന്നത് യഥാർത്ഥത്തിൽ ഒരു കുഞ്ഞിനോ ചെറുപ്പക്കാരനോ മാനസികാഘതം ഉളവാക്കുന്ന ഒന്നാണ്, ആരാണോ പതിവായി ഈ ആക്രമണം കാണുന്നത് , അപ്പുറത്തെ മുറിയിൽ നിന്നും ശബ്ദങ്ങൾ കേള്ക്കുന്നത്,അക്രമത്തിനു ശേഷമുള്ള അമ്മയുടെ/ അച്ഛന്ടെ മുറിവുകൾ അല്ലെങ്കിൽ വേദന കാണേണ്ടി വരുന്നതു അതുമല്ലെങ്കിൽ  അക്രമം തടുക്കാൻ ശ്രമിക്കുക വഴി ശാരീരികമായി യാതനകൾ ഏറ്റു വങ്ങേണ്ടി വന്നിട്ടുള്ളത് ഇങ്ങനെയുള്ളവർ ഇതിൽ പെടും
ഇതിന്ടെ ഫലമായി , ഏതെങ്കിലും ഗാർഹിക പീഡന സംഭവം പോലിസിന്ടെ ശ്രദ്ധയിൽ പെട്ടിട്ട്ടുന്ടെങ്കിൽ പോലീസ് കുട്ടികളുടെ സാമൂഹ്യ സുരക്ഷ പ്രഥമ സ്ഥാനവുമായി ബന്ധപ്പെടുകയും അവർ പിന്നീട് അത്യാവശ്യവും ഉതകുന്നതുമായ വിവരങ്ങൾ അതിനു വേണ്ടി നിയുക്തരായ വിദ്യാലയത്തിലെ 'പ്രധാന വ്യക്തികളുമായി'സംസാരിക്കുകയും ചെയ്യും.ഇത് മുഖേന എത്രയും പെട്ടെന്ന് സ്കൂളിൽ വിവരം ലഭ്യമാക്കാനും കുട്ടികള്ക്ക് അവർ സംരക്ഷിക്കപ്പെടുന്നതായും തങ്ങളുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെടുന്നതായും തോന്നിപ്പിക്കും വിധം ഒരു കൈത്താങ്ങ് നല്കുന്നതിനും സാധിക്കുമെന്ന് ഉറപ്പു വരുത്താൻ കഴിയും.
കുട്ടികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും പോലീസുമായി ഇഴചേര്ന് പ്രവർത്തിക്കുന്നതിനും കൃത്യമായ പരിശീലനം ലഭിച്ച പ്രധാന വ്യക്തികൾ ഓരോ  സ്കൂളിലും ഉണ്ടായിരിക്കും.ഗാർഹിക അക്രമാന്തരീക്ഷം തുറന്നു പറയുന്ന ഏതൊരു കുഞ്ഞിനും എല്ലാവിധ പിന്തുണയും ഉടൻ തന്നെ ഉറപ്പു വരുത്താനും ഇത് മൂലം സാധിക്കുന്നു.
നല്കാവുന്നതിൽ വച്ചേറ്റവും മികച്ച പരിചരണവും ആശ്രയവും ഞങ്ങളുടെ

വിദ്യാർത്ഥികൾക്ക് നല്കുന്നതിനും, കുഞ്ഞുങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിൽ ഭാഗഭാക്കാവുന്നതിൽ ഞങ്ങളുടെ സ്കൂളിനുള്ള ഉത്തരവാദിത്തവും ഈ പദ്ധതി മുഖാന്തരം വിശദീകരിക്കപ്പെടും എന്ന് ഞാൻ വിശ്വസിക്കുന്നു.
ഇത്തരുണത്തിൽ 'വലയ പദ്ധതി'യെ പറ്റി കൂടുതലായി എന്തെങ്കിലും സംസാരിക്കണം എന്നുണ്ടെങ്കിലും അറിയണം എന്നുണ്ടെങ്കിലും ദയവായി ഞങ്ങളുടെ വിദ്യാലയത്തിലെ പ്രധാന വ്യക്തികളായ ( names of key adults )ഇവരുമായി ബന്ധപ്പെടുക
കൂടുതൽ വിവരങ്ങൾക്ക് സന്ദര്ശിക്കുക https ://www .operationencompass . org /
നിങ്ങളുടെ,

*[Signature]*